Pls. Cir. to all Subordinate offices

21/5/2019

# കേരള സർക്കാർ

സംഗ്രഹം

വയനാട് ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെയോ അവരുടെ മുൻഗാമികളുടെയോ കൈവശമുണ്ടായിരുന്നതും പിൽക്കാലത്ത് മറ്റുള്ളവർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതും നിയമാനുസൃതമായി കേരള ഭൂപരിഷ്കരണ നിയമവും ആയതിലെ ചട്ടങ്ങളും പ്രകാരം ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടുള്ളതുമായ ഭൂമിയുടെ കൈവശക്കാരിൽ നിന്നും കരം സ്വീകരിക്കുന്നതിനും പോക്കുവരവ് നടത്തുന്നതിനും റവന്യൂരേഖകൾ നൽകുന്നതിനും നിയമാനുസൃതമായ ക്രയവിക്രയങ്ങൾ നടത്തുന്നതിനും അനുമതി നൽകിക്കൊണ്ട് ബഹു ഹൈക്കോടതിയുടെ 10.08.2018 ലെ WP(C) 5057/2017 കേസിലെ വിധിന്യായം നടപ്പിൽവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

റവന്യൂ(എ) വകുപ്പ്

സ.ഉ.(കൈ) നം.133/2019/റവ. തീയതി, തിരുവനന്തപുരം, 10/05/2019.

==========================================================

പരാമർശം :- 1. സ്റ്റേറ്റ് സെപ്ഷ്യൽ ഓഫീസർ & കളക്ടർ , ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ ഓഫീസറുടെ 31.10.2014 ലെ 02/2013 നമ്പർ കത്ത്

2. ബഹു.ഹൈക്കോടതിയുടെ 12.03.2015 ലെ WP(C) 6981/2015 കേസിലെ വിധിന്യായം

3. 01.10.2015 ലെ സ. ഉ( കൈ) 542/2015/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്

4. ബഹു. ഹൈക്കോടതിയുടെ 19.06.2017, ലെ WP(C) 5057/2017 &WP(C) 13413/2017 കേസുകളിലെ വിധിന്യായം

5.ബഹു.ഹൈക്കോടതിയുടെ 10.08.2018 ലെ WP(C)5057/2017 കേസിലെ വിധിന്യായം

6. 24.05.2018 ലെ 1091811/എ 1/16/റവ നമ്പർ സർക്കാർ കത്ത്

7. 16.10.2018 ലെ ശ്രീ എൻ. ഡി അപ്പച്ചൻ, എക്സ് എം. എൽ .എ യുടെ ഹർജി.

## ഉത്തരവ്

വയനാട് ജില്ലയിൽ വൈത്തിരി, ബത്തേരി താലൂക്കുകളിൽ വിവിധ വില്ലേജുകളിൽ പഴയ വില്ലേജ് റിക്കോർഡുകൾ പ്രകാരം ഹാരിസൺസ് മലയാളം പ്ലാന്റേഷൻ തുടങ്ങിയ വിദേശ കമ്പനികളുടെ പേരിൽ രേഖപ്പെടുത്തിയ ഭൂമിക്ക് കരം സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെയും മറ്റുള്ളവരുടെയും

അനധികൃതകൈവശത്തിലിരിക്കുന്ന സർക്കാർഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്റ്റേറ്റ് സെപ്ഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ ഓഫീസറുടെ പരാമർശം 1 ലെ നിർദേശപ്രകാരം നിർത്തിവെച്ചിരുന്നു.

2. പ്രസ്തുത നടപടിക്കെതിരെ ബന്ധപ്പെട്ട കക്ഷികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ പരാമർശം 2 ലെ ബഹു ഹൈക്കോടതി വിധിയുടെയും പ്രദേശവാസികളുടെ നിവേദനത്തിന്റെയും അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെയും മറ്റുള്ളവരുടെയും അനധികൃത കൈവശത്തിലുള്ള സർക്കാർ ഭൂമി വാങ്ങിയ 2 ഏക്കർവരെ കൈവശമുള്ള ചെറുകിട കർഷകർക്ക് നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തിന്റെ പ്രസ്തുത ഭൂമിയിലുള്ള അവകാശത്തെ ഹനിക്കാത്ത വിധത്തിൽ താത്കാലികമായി നികുതി സ്വീകരിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം -3 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. മേൽ ഉത്തരവ് പുന:പരിശോധിച്ച് 2 ഏക്കർവരെയുള്ള ഭൂമി എന്ന പരിധി ഒഴിവാക്കി കൈവശക്കാരുടെ മുഴുവൻ ഭൂമിക്കും നികുതി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട കക്ഷികൾ സമർപ്പിച്ച നിവേദനത്തെതുടർന്ന് ചെറുകിട ഇടത്തരം കൈവശക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, വയനാട് ജില്ലയിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻസിൽ നിന്നും 1970 ന് മുൻപ്ഭൂമി വാങ്ങി കൈവശംവയ്ക്കുകയും പിൽക്കാലത്ത് പ്രസ്തുത ഭൂമിക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടുള്ളവരുടെയും അവരുടെ പിൻതുടർച്ചാവകാശികളുടെയും 4 ഏക്കർ വരെയുള്ള ഭൂമി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പോക്കുവരവ് ചെയ്യുന്നതിനും കരം സ്വീകരിക്കുന്നതിനും പരാമർശം-6 ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

4. തുടർന്ന് 4 ഏക്കറിൽ കൂടുതലുള്ള ഭൂമിയുടെയും കരം സ്വീകരിക്കുന്നതിനായി ശ്രീ എൻ. ഡി അപ്പച്ചനും മറ്റും ഫയൽ ചെയ്ത കേസുകളിലെ ബഹു ഹൈക്കോടതിയുടെ പരാമർശം 4 ലെ വിധിന്യായത്തിൽ ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ സ്വീകരിക്കുന്ന നടപടികളെ ബാധിക്കാത്ത വിധത്തിൽ ടി ഉത്തരവിന്റെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് പരാതിക്കാരുടെ കൈവശമുള്ള ഭൂമിയുടെ നികുതി സ്വീകരിച്ച് റവന്യൂ രേഖകൾ നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5.പ്രസ്തുത ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ അനധികൃത കൈവശത്തിൽ ഉൾപ്പെട്ടുവരുന്ന ആയിരക്കണക്കിനേക്കർ സർക്കാർ ഭൂമിയിൽ നിന്നും പലവിധത്തിൽ കൈമാറ്റം ചെയ്ത് നിലവിലെ കൈവശക്കാരുടെ പക്കൽ എത്തിയിട്ടുള്ളതാകയാൽ ടി ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിനു മുന്നോടിയായി ഭൂമിയുമായി ബന്ധപ്പെട്ട വിവിധ രേഖകൾ വിശദമായി പരിശോധനാവിധേയമാക്കേണ്ടിയിരുന്നു. അപ്രകാരമുള്ള നടപടികൾ പുരോഗമിക്കവെ ശ്രീ എൻ. ഡി അപ്പച്ചൻ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനായി സർക്കാരിൽ ഹർജി സമർപ്പിക്കുകയും വീണ്ടും ബഹു ഹൈക്കോടതിയെ സമീപിക്കുകയുമുണ്ടായി. തുടർന്ന് പരാമർശം 5 ലെ ബഹു ഹൈക്കോടതിയുടെ വിധിന്യായപ്രകാരം പരാതിക്കാരൻ സർക്കാരിൽ സമർപ്പിച്ച ഹർജിയിൽ ചീഫ് സെക്രട്ടറി പരാതിക്കാരനെ നേരിൽ കേട്ടതിനു ശേഷം ഹർജി തീർപ്പാക്കുന്നതിനു ഉത്തരവിടുകയുണ്ടായി.

6.തുടർന്ന് ചീഫ് സെക്രട്ടറി പരാതിക്കാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും

22.01.2019 ന നേരിൽ കേൾക്കുകയും നിയമാനുസൃതമായി ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടുള്ള എല്ലാവരുടെയും ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും പോക്കുവരവ് നടത്തുന്നതിനും റവന്യൂരേഖകൾ നൽകുന്നതിനും നിയമാനുസൃതമായ ക്രയവിക്രയങ്ങൾ നടത്തുന്നതിനും അർഹതയുള്ളതായി കണ്ടെത്തുകയുമുണ്ടായി.

7.മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെയോ അവരുടെ മുൻഗാമികളുടെയോ കൈവശമുണ്ടായിരുന്നതും പിൽക്കാലത്ത് മറ്റുള്ളവർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതും നിയമാനുസൃതമായി കേരള ഭൂപരിഷകരണ നിയമവും (The Kerala Land Reforms Act 1963) ആയതിലെ ചട്ടങ്ങളും പ്രകാരം ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് അപ്രകാരമുള്ള ഭൂമി പ്രസ്തുത ആക്ടിലെ 82-ാംവകുപ്പ് പ്രകാരമോ 7E വകുപ്പ് പ്രകാരമുള്ള 4 ഏക്കറിനുള്ളിലോ ഉള്ള സീലിംഗ് പരിധിക്കുള്ളിലാണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് കൈവശക്കാരിൽ നിന്നും കരം സ്വീകരിക്കുന്നതിനും പോക്കുവരവ് നടത്തുന്നതിനും റവന്യൂരേഖകൾ നൽകുന്നതിനും നിയമാനുസൃതമായ ക്രയവിക്രയങ്ങൾ നടത്തുന്നതിനും അനുമതി നൽകിക്കൊണ്ട് ബഹു ഹൈക്കോടതിയുടെ 10.08.2018 ലെ WP(C) 5057/2017 കേസിലെ വിധിന്യായം നടപ്പിൽവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2. ലാൻഡ് റവന്യൂ കമ്മീഷണർ, കേരള തിരുവനന്തപുരം
3. സെക്രട്ടറി ലാൻഡ് ബോർഡ്, തിരുവനന്തപുരം.
4. ഡയറക്ടർ, സർവ്വേ & ലാൻഡ് റെക്കോർഡ്സ്, തിരുവനന്തപുരം
5. സ്റ്റേറ്റ്സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ, തിരുവനന്തപുരം.
6. ജില്ലാ കളക്ടർ, വയനാട് ജില്ല
7. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, വഞ്ചിയൂർ, തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
9. ശ്രീ എൻ. ഡി അപ്പച്ചൻ എക്സ്എം. എൽ .എ നെല്ലിമിൽകുളം തടത്തിൽ വീട്, കക്കാവയൽ പി.ഒ. വൈത്തിരി താലൂക്ക്, വയനാട് ജില്ല.
10. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
11. നികുതി വകുപ്പ്
12. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No. IGR/4637/2019-RR9

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്
വഞ്ചിയൂർ, തിരുവനന്തപുരം.
തീയതി : 22/06/2019

10.05.2019 തീയതിലെ സ.ഉ.(കൈ) നം. 133/2019/റ.വ. അറിവിലേയ്ക്കായി അയയ്ക്കുന്നു.

Signature Not Verified
Digitally signed by P K SAJANKUMAR
Date: 2019.06.22 15:36:32 IST
Reason: Approved

രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി

To

1. ഐ.ടി. സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും.
3. എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും,
4. എല്ലാ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർക്കും (ജില്ലാ രജിസ്ട്രാർമാർ മുഖേന)